**ക്രമപ്രശ്നം**

<u>കേരള ബാങ്ക് രൂപീകരണം</u>

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഈ ബിൽ ഒരു ഓർഡിനൻസ് റിപ്ലേസ് ചെയ്തുകൊണ്ട് വരുന്ന ബിൽ ആണ്. ബില്ലിൽ സഹകരണ നിയമത്തിൽ 14 (എ) എന്നുള്ള പുതിയൊരു വകുപ്പ് കൂട്ടിച്ചേർക്കുകയാണ്. സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. കേരള ബാങ്ക് രൂപീകരിക്കുവാൻ തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് റിസർവ് ബാങ്ക് 19 വ്യവസ്ഥകളാണ് മുന്നോട്ടുവച്ചിരിക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥ, സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾ ലയന പദ്ധതി തയ്യാറാക്കി അംഗങ്ങളുടെ മുന്നിൽ സമർപ്പിക്കണമെന്നും മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടുകൂടി ലയനത്തിനായുള്ള പ്രമേയം മേൽപ്പറഞ്ഞ ബാങ്കുകളുടെ ജനറൽ ബോഡി മുമ്പാകെ അവതരിപ്പിച്ച് പാസ്സാക്കണമെന്നുമുള്ളതാണ്. 1969-ലെ നമ്മുടെ സഹകരണ സംഘം ആക്ടിലെ 14-ാം വകുപ്പ് പ്രകാരം രണ്ടോ അതിലധികമോ സഹകരണ സംഘങ്ങൾ കൂട്ടിച്ചേർക്കുന്നതിനുവേണ്ടി ആസ്തിയും ബാധ്യതകളും കൈമാറ്റം ചെയ്യപ്പെടുന്നതിന് അംഗങ്ങളുടെ മുന്നിൽ

രണ്ട് ഭൂരിപക്ഷം ആവശ്യമുണ്ട്. യഥാർത്ഥത്തിൽ നിയമത്തിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം ആവശ്യമാണ്. റിസർവ് ബാങ്ക്, കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള അമാൽഗമേഷനുവേണ്ടി പറഞ്ഞിരിക്കുന്ന പ്രധാനപ്പെട്ട 19 വ്യവസ്ഥകളിൽ ഒരു വ്യവസ്ഥ മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്നുള്ളതാണ്. റിസർവ് ബാങ്കിന്റെ ആ നിർദ്ദേശത്തെ മറികടക്കുന്നതിനും അതിൽ വെള്ളം ചേർക്കുന്നതിനും വേണ്ടിയാണ് ഈ പ്രൊവിഷൻ കൊണ്ടുവന്നിരിക്കുന്നതെന്ന് എല്ലാവർക്കും വ്യക്തമാണ്. എനിക്ക് പറയാനുള്ള പ്രധാനപ്പെട്ട പോയിന്റ്, ഇന്ത്യയിൽ മൂന്ന് സംസ്ഥാനങ്ങളാണ് അമാൽഗമേഷനുവേണ്ടി നിൽക്കുന്നത്. അതിൽ ഒരു സംസ്ഥാനം ഛത്തീസ്ഗഢും മറ്റൊന്ന് പഞ്ചാബുമാണ്. ഛത്തീസ്ഗഢിന്റെ സഹകരണ നിയമത്തിൽ ഇപ്പോൾ കേവല ഭൂരിപക്ഷം മാത്രം മതി. നമ്മൾ അമെന്റ്മെന്റ് കൊണ്ട് ചെയ്യാൻ പോകുന്ന കാര്യങ്ങൾക്ക് അവിടത്തെ നിയമത്തിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം ഇല്ല. അവരോടും റിസർവ് ബാങ്ക് ആവശ്യപ്പെട്ടിരിക്കുന്നത് മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്നാണ്. അതുകൊണ്ട് ഭേദഗതി കൊണ്ടുവന്ന് റിസർവ് ബാങ്കിന്റെ വ്യവസ്ഥകളെ മറികടക്കാമെന്ന് വിചാരിച്ചാൽ ഒരു കാരണവശാലും സാധ്യമല്ല. നേരത്തെതന്നെ ഈ നിയമമുള്ള ഛത്തീസ്ഗഢിൽ

പോലും റിസർവ് ബാങ്ക് ആവശ്യപ്പെട്ടിരിക്കുന്നത് മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്നാണ്. ഇതൊരു futile exercise ആണ്. ഇത് സഭാനടപടികളെ ദുർബലപ്പെടുത്താനും അതിന്റെ ഗൗരവം ചോർത്തിക്കളയുന്നതിനും വേണ്ടി വൃഥാ എടുക്കുന്ന ഒരു നടപടിയായി മാറും. ഈ വിഷയം പറയുന്നതിനോടൊപ്പം തന്നെ അങ്ങയോട് ഒരുകാര്യം കൂടി പറയാനാഗ്രഹിക്കുന്നു. ERRATA ഇന്നലെ കവറിൽ ഞങ്ങൾക്ക് ലഭിച്ചിരുന്നു. സാധാരണ അത് പതിവില്ലാത്തതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോകുമ്പോൾ ചെയ്യേണ്ട കാര്യങ്ങളാണ്. അത് വായിച്ചുകഴിഞ്ഞാൽ എത്ര നിസ്സാരമായാണ് ഈ ബിൽ ചെയ്തിരിക്കുന്നതെന്ന് മനസ്സിലാകും. ഒരു ഗൗരവവുമില്ലാതെ ഇതുപോലൊരു ബിൽ തയ്യാറാക്കുകയെന്നത് വളരെ സങ്കടകരമായ കാര്യമാണ്. സാധാരണ ഇങ്ങനെ ERRATA പബ്ലീഷ് ചെയ്യുന്ന കീഴ്വഴക്കമില്ല. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻകൂടി ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഇത് ഞാൻ എഴുതിത്തന്ന ഒരു കാര്യമല്ല. ഇങ്ങനെയാണോ ബിൽ തയ്യാറാക്കുന്നത്? അതിലെ തെറ്റുകൾ വായിച്ചുനോക്കണം. സഭയിൽ സർക്കുലേറ്റ് ചെയ്ത ബില്ലിലെ തെറ്റുകൾ വായിച്ചുനോക്കിയാൽ വളരെ പരിതാപകരമാണെന്നുകൂടി സൂചിപ്പിക്കുന്നു.

അതുകൊണ്ട് ഇപ്പോൾ ചെയ്യാൻ പോകുന്ന നിയമപരമായ നടപടി ഓർഡിനൻസ് റീപ്ലെയ്സ് ചെയ്ത് ബിൽ കൊണ്ടുവന്നതുകൊണ്ട് യാതൊരു പ്രയോജനവും കേരളാ ബാങ്ക് രൂപീകരണത്തിന് സഹായിക്കാൻ പോകുന്നില്ലെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭരണഘടനയുടെ ഏഴാം പട്ടികയിൽ 32-ാം എൻട്രിയായി സ്റ്റേറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയമാണ് സഹകരണ സംഘങ്ങൾ. അതുപ്രകാരം സംസ്ഥാനത്ത് സഹകരണ നിയമം രൂപീകരിക്കാനുള്ള സമ്പൂർണ്ണ അധികാരം സംസ്ഥാന നിയമസഭകൾക്ക് തന്നെയാണ്. ഗവൺമെന്റ് 2017 സെപ്റ്റംബർ 2-ാം തീയതി നബാർഡ് മുഖാന്തിരം റിസർവ് ബാങ്കിന് സമർപ്പിച്ച അപേക്ഷ അന്നത്തെ നിയമത്തിനുള്ളിൽ നിന്നുകൊണ്ടായിരുന്നു. അത് വിവിധ പരിശോധനകൾക്കുശേഷം 2018 ഒക്ടോബർ 3-ന് റിസർവ് ബാങ്ക് കേരളത്തിലെ നിലവിലെ ത്രിതല ഹ്രസ്വകാല സഹകരണ വായ്പാഘടന ദ്വിതലമായി ഘടനാമാറ്റം നടത്തുന്നതിനും ഇതിനായി ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ കൂട്ടിച്ചേർക്കുന്നതിനും

തത്വത്തിൽ അനുമതി നൽകുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ചതുപോലെ 19 വ്യവസ്ഥകളോടെയാണ് തത്വത്തിലുള്ള അനുമതി നൽകിയത്. അതിലെ ഒന്നാമത്തെ വ്യവസ്ഥ തന്നെ; (i) " The due process as required under the provisions of the State Co-operative Societies Act and the State Co-operative Societies Rules as adopted by the Kerala Government shall be followed. At every stage the provisions of the Kerala Co-operative Societies Act must be complied with." എന്നാണ്. അതിനുള്ളിലാണ് യഥാർത്ഥത്തിൽ ഈ നാലാമത്തെ ക്ലോസ്സായ മൂന്നിൽ രണ്ട് ഭൂരിപക്ഷമെന്നുള്ളത് വരുന്നത്. ഒന്നാമത്തെ വ്യവസ്ഥയിൽ റിസർവ് ബാങ്ക് ഉയർത്തിപ്പിടിച്ചിട്ടുള്ളതും അംഗീകരിച്ചിട്ടുള്ളതും സഹകരണ നിയമം രൂപീകരിക്കുന്നതിനുള്ള സംസ്ഥാന ഗവൺമെന്റിന്റെ അധികാരത്തെ തന്നെയാണ്. ജില്ലാ ബാങ്കുകളുടെ ആസ്തി ബാധ്യതകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന് സംസ്ഥാന സഹകരണ നിയമവും ചട്ടവും സമ്പൂർണ്ണമായിട്ടും പാലിക്കണം എന്നുമാത്രമേ റിസർവ് ബാങ്ക് ഈ ഒന്നാമത്തെ വ്യവസ്ഥയിൽ പറയുന്നുള്ളൂ. സംസ്ഥാന ഗവൺമെന്റ് ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകളുടെ സംയോജനത്തിനുള്ള

അപേക്ഷ നൽകിയ സമയത്ത് കേരള സഹകരണ നിയമം വകുപ്പ് പതിനാല് അനുസരിച്ച് സംഘങ്ങളുടെ കൂട്ടിച്ചേർക്കൽ എന്ന പ്രക്രിയയ്ക്ക് സംഘങ്ങളുടെ ജനറൽ ബോഡി വിളിച്ചുചേർത്ത് അതിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ കൂട്ടിച്ചേർക്കലിനനുകൂലമായ തീരുമാനം കൈക്കൊള്ളണമെന്ന വ്യവസ്ഥ റിസർവ് ബാങ്ക് അവരുടെ തത്വത്തിലുള്ള അംഗീകാരത്തിൽ നാലാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ സഹകരണ നിയമനിർമ്മാണത്തിനുള്ള അധികാരം ഉപയോഗിച്ച് മൂന്നിൽ രണ്ട് ഭൂരിപക്ഷമെന്നത് കേവലഭൂരിപക്ഷമെന്നാക്കി ഭേദഗതി ചെയ്ത് 2018 ജനുവരി 8-ന് ഒരു ഓർഡിനൻസായി പുറത്തിറക്കിയിട്ടുണ്ട്. ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ കൂടി ഉൾക്കൊള്ളുന്നതാണ് ഈ ബിൽ. അതാണ് ഇന്ന് അവതരിപ്പിക്കുന്നത്. നിയമനിർമ്മാണ സഭകളായ സംസ്ഥാന അസംബ്ലി, പാർലമെന്റ് എന്നിവയിലേയ്ക്ക് നടക്കുന്ന ജനാധിപത്യപരമായിട്ടുള്ള തെരഞ്ഞെടുപ്പിലും നിയമനിർമ്മാണ സഭകൾക്കകത്തുനടക്കുന്ന വോട്ടിംഗിലുമെല്ലാം കേവല ഭൂരിപക്ഷം വിജയത്തിന്റെ മാനദണ്ഡമാകുമ്പോൾ സഹകരണ നിയമത്തിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷമെന്നതിന് പകരം കേവല ഭൂരിപക്ഷമെന്ന വ്യവസ്ഥ

കൊണ്ടുവരുന്നതിൽ യാതൊരു വിധ സാങ്കേതിക തടസ്സങ്ങളോ അനൗചിത്യമോ ഉള്ളതായി ഗവൺമെന്റ് കരുതുന്നില്ല. റിസർവ് ബാങ്കിൽനിന്നുള്ള തത്വത്തിലുള്ള അംഗീകാരത്തിന്റെയൊരു ബുദ്ധിമുട്ടും ഈ കാര്യത്തിലുണ്ടാകില്ല. റിസർവ് ബാങ്കിനെ ഈ കാര്യങ്ങൾ ബോധ്യപ്പെടുത്താൻ സാധിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. നിലവിലുള്ള ഭേദഗതി ഓർഡിനൻസിന്റെ വ്യവസ്ഥ പ്രകാരം കേവല ഭൂരിപക്ഷത്തോടുകൂടി ലയനത്തിനായുള്ള പ്രമേയം പസ്സാക്കിയാൽ മതിയാകുന്നതാണ്. അതുകൊണ്ട് മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്ന നിബന്ധനയ്ക്ക് ഇപ്പോൾ യാതൊരു പ്രസക്തിയുമില്ലായെന്ന കാര്യം ചൂണ്ടികാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.